# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.09.2026**

### പ്രധാനവാർത്തകൾ

1. അധ്യാപകരെ ആദരിക്കുന്ന സമൂഹമാണ് യഥാർത്ഥത്തിൽ പുരോഗമന സമൂഹമെന്നും, സമർപ്പണബോധമുള്ള അധ്യാപകരാണ് രാജ്യനിർമ്മാണത്തിന്റെ മുൻനിര പോരാളികളെന്നും രാഷ്ട്രപതി ദ്രൗപദി മുർമു.
2. ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിൻറെ ശതാബ്ദി ആഘോഷങ്ങൾ അല്പസമയത്തിനകം പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും.
3. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും നിയമനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഔദ്യോഗിക പട്ടിക തയ്യാറാക്കുമെന്ന് മന്ത്രി എൻ ഷംസുദ്ദീൻ.
4. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസവും ശാക്തീകരണവും ലക്ഷ്യമിട്ട് ഒരുങ്ങുന്ന 'ഭിന്നശേഷി പുനരധിവാസ ഗ്രാമ'ത്തിൻറെ നിർമ്മാണ ഉദ്ഘാടനം, നാളെ മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ നിർവഹിക്കും.
5. നേപ്പാൾ മിന്നൽ പ്രളയത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള ഡിഎൻഎ പരിശോധന സംബന്ധിച്ച

RNU TVPM

നടപടികൾക്കായി സംസ്ഥാന സർക്കാർ നോഡൽ ഓഫീസർമാരെ നിയോഗിച്ചു.

6. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം. കെ സി എൽ മൂന്നാം സീസൺ ഫൈനലിൽ തൃശ്ശൂർ ടൈറ്റാൻസും കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസും ഏറ്റുമുട്ടും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ദേശീയ അധ്യാപക പുരസ്കാരം

അധ്യാപകരെ ആദരിക്കുന്ന സമൂഹമാണ് യഥാർത്ഥത്തിൽ പുരോഗമന സമൂഹമെന്നും, സമർപ്പണബോധമുള്ള അധ്യാപകരാണ് രാജ്യ നിർമ്മാണത്തിന്റെ മുൻനിര പോരാളികളെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. അധ്യാപക ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ അധ്യാപക പുരസ്കാര വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ. ഇന്ത്യയെ 'വിജ്ഞാന ശക്തി' ആക്കുന്നതിനൊപ്പം ലോകത്തിന്റെ 'നൈപുണ്യ തലസ്ഥാന'മായി ഉയർത്താനാണ് മുൻഗണന നൽകുന്നതെന്നും ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിലൂടെ മാത്രമേ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാനാകൂ എന്നും രാഷ്ട്രപതി പറഞ്ഞു.

RNUTVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## എൻ. ഷംസുദ്ദീൻ - അധ്യാപക ദിനം

ദേശീയ അധ്യാപക ദിനാഘോഷത്തിൻ്റെ ഭാഗമായി സംസ്ഥാന അധ്യാപക പുരസ്ക്കാരങ്ങൾ മന്ത്രി എൻ. ഷംസുദ്ദീൻ കോഴിക്കോട് സമ്മാനിച്ചു. ശ്രേഷ്ഠ വിദ്യാലയ പുരസ്കാര സമർപ്പണവും അദ്ദേഹം നിർവഹിച്ചു. 8 അധ്യാപകർക്കാണ് അവാർഡുകൾ സമ്മാനിച്ചത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## അദ്ധ്യാപക ദിനാഘോഷം – ലക്ഷദ്വീപ്

ലക്ഷദ്വീപിലെ വിവിധ ദ്വീപുകളിലെ സ്കൂളുകളിൽ അദ്ധ്യാപക ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ചടങ്ങിൽ മുതിർന്ന അദ്ധ്യാപകരെ ആദരിച്ചു. കവരത്തി PM Shri കേന്ദ്രീയ വിദ്യാലയത്തിൽ നടന്ന പരിപാടിയിൽ മുൻ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ്റെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി. വിദ്യാർത്ഥികളുടെ കലാപരിപാടികളും നടന്നു

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## പ്രധാനമന്ത്രി- ശ്രീറാം കോളേജ്

ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിൻ്റെ ശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. അല്പ സമയത്തിനകം ആരംഭിക്കുന്ന പരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഡൽഹി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ശ്രീ റാം കോളേജ് ഓഫ് കൊമേഴ്സ് 1926 ലാണ് സ്ഥാപിതമായത്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## മന്ത്രി എൻ ഷംസുദ്ദീൻ

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും നിയമനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഔദ്യോഗിക പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ. കോഴിക്കോട്, സംസ്ഥാന അധ്യാപക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിയമന അംഗീകാരം തടസ്സപ്പെട്ടിരുന്ന 1600-ഓളം അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുമെന്നും മന്ത്രി പറഞ്ഞു. കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിനായി സുപ്രീം കോടതിയിൽ ക്യുറേറ്റീവ് ഹർജി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വെബ്സൈറ്റ്, മന്ത്രി ഉദ്ഘാടനം ചെയ്തു.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## ഭിന്നശേഷി പുനരധിവാസ ഗ്രാമം

സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസവും ശാക്തീകരണവും ലക്ഷ്യമിട്ട് ഒരുങ്ങുന്ന 'ഭിന്നശേഷി പുനരധിവാസ ഗ്രാമ'ത്തിൻ്റെ നിർമ്മാണ ഉദ്ഘാടനം, സാമൂഹ്യനീതി വകുപ്പ് മന്ത്രി

RNUTVPM

വി.ഇ അബ്ദുൾ ഗഫൂർ നാളെ മലപ്പുറത്ത് നിർവഹിക്കും. മലപ്പുറം തിരൂർ താലൂക്കിലാണ് പദ്ധതി യാഥാർത്ഥ്യമാകുന്നത്. ഭിന്നശേഷി ക്കാരുടെ അവകാശ സംരക്ഷണം, ക്ഷേമം, സാമൂഹിക സുരക്ഷ, അവസര സമത്വം, സ്വയംപര്യാപ്തത എന്നിവ ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഡിഎൻഎ പരിശോധന

നേപ്പാൾ മിന്നൽ പ്രളയത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള ഡിഎൻഎ പരിശോധന സംബന്ധിച്ച നടപടികൾക്കായി സംസ്ഥാന സർക്കാർ നോഡൽ ഓഫീസർമാരെ നിയോഗിച്ചു. തിരുവനന്തപുരം പോലീസ് ആസ്ഥാനത്തെ ഫോറൻസിക് സയൻസ് ലാബോറട്ടറി, തൃശൂർ, എറണാകുളം,കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറികൾ എന്നിവിടങ്ങളിൽ നിന്നുള്ളവരെയാണ് നോഡൽ ഓഫീസർമാരായി നിയോഗിച്ചത്. മരിച്ചവരുടെ ബന്ധുക്കൾക്ക് അതാത് പ്രദേശത്തുള്ള നോഡൽ ഓഫീസർമാരെ ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മന്ത്രി കെ. മുരളീധരൻ

കേരളത്തിലെ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തിന് പുറത്തേക്ക് പോകേണ്ട സാഹചര്യം ഒഴിവാക്കുക യാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മന്ത്രി കെ. മുരളീധരൻ. കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസിൻറെ പുതിയ കെട്ടിടത്തിൻറെ ഉദ്ഘാടനം കോഴിക്കോട് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ സൗകര്യങ്ങൾ സംസ്ഥാനത്ത് കൂടുതൽ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## വനിതാ ടി–20 ക്രിക്കറ്റ്

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. മുൻ മത്സരങ്ങളിൽ തായ്‌ലൻഡിനെയും

ഹോങ്കോങ്ങിനെയും പരാജയപ്പെടുത്തിയ ഇന്ത്യ ഇതിനകം സെമി ഫൈനൽ യോഗ്യത ഉറപ്പാക്കിയിട്ടുണ്ട്.

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## കെ സി എൽ (ഇൻട്രോ)

കേരള ക്രിക്കറ്റ് ലീഗിന്റെ മൂന്നാം സീസണിന്റെ ഫൈനൽ പോരാട്ടം ഇന്ന്. പുതിയ കിരീട വിജയി ആരാകുമെന്നറിയാൻ ആകാംഷയോടെ കാത്തിരിക്കുകകയാണ് ക്രിക്കറ്റ് ആരാധകർ. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അല്പസമയത്തിനകം നടക്കുന്ന മത്സരത്തിൽ തൃശൂർ ടൈറ്റൻസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ നേരിടും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്
(വോയിസ്)

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## ഖരമാലിന്യ സംസ്കരണ പരിശീലനം

RNU TVPM

ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ നടപ്പാക്കുന്നതിൻറെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടി കോട്ടയം ജില്ലയിൽ ഈ മാസം ഏഴു മുതൽ 14 വരെ ബ്ലോക്ക് തല ത്തിൽ നടക്കും. പള്ളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ രാവിലെ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ജോഷി ഫിലിപ്പ് ജില്ലാതല ഉദ്ഘാടനം നിർവഹിക്കും. കിലയുടെ നേതൃത്വത്തിൽ നടക്കുന്ന പരിശീലന പരിപാടികളിൽ തദ്ദേശ വകുപ്പും സംസ്ഥാന ശുചിത്വമിഷനും പങ്കാളികളാണ്.

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലാ ഭരണകൂടം വിവിധ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ബീക്കൺ ടൗൺ പദ്ധതിയുടെ ഭാഗമായി മട്ടന്നൂരിനെ മാതൃകാ നഗരമാക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## വൈദ്യുത നിയന്ത്രണം

സംസ്ഥാനത്ത് ഇന്ന് വൈകുന്നേരം 6 മണിക്കും 12 മണിക്കുമിടയിൽ ഭാഗികമായി വൈദ്യുത നിയന്ത്രണം ആവശ്യമായി വന്നേക്കാമെന്നു KSEB അറിയിച്ചു. ഉയർന്ന വൈദ്യുതി ആവശ്യകത മുൻ ദിവസങ്ങളെ അപേക്ഷിച്ച് വർധിക്കാനുള്ള സാധ്യത മുൻനിർത്തിയാണ് നടപടി.

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## സ്വർണവില

സ്വർണവിലയിൽ ഇന്ന് കുറവ് രേഖപ്പെടുത്തി. പവന് 1,360 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 13,520 രൂപയും ഗ്രാമിന് 14,190 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്ന താണ്.

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## തൃശൂർ അപകടം - അനുശോചനം

തൃശൂർ കൈപ്പമംഗലത്ത് ഉണ്ടായ വാഹനാപകടത്തിൽ മരിച്ച എട്ട് കോളേജ് വിദ്യാർത്ഥികളുടെ കുടുംബാംഗങ്ങളെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അനുശോചനം അറിയിച്ചു. ഇന്നലെ അർധരാത്രിയായിരുന്നു കൈപ്പമംഗലത്ത് ദേശീയ പാതയിൽ,

നിർത്തിയിട്ട ട്രക്കിൽ കാറിടിച്ചു അപകടം ഉണ്ടായത്. സംഭവത്തെത്തുടർന്ന്, സ്ഥലത്ത് എൻഎച്ച്എഐ-യുടെ നേതൃത്വത്തിൽ അധിക സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുകയും കൂടുതൽ ശക്തമായ ബാരിക്കേഡിംഗ് ഏർപ്പെടുത്തുകയും ചെയ്തു.

---

## വെറ്റിലപ്പാറ ക്വാറി അപകടം

മലപ്പുറം അരീക്കോട് വെറ്റിലപ്പാറയിലെ ക്വാറിയിലുണ്ടായ അപകടത്തിൽ, കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. മക്കരപ്പറമ്പ് സ്വദേശി ഉനൈസിന്റെ മൃതദേഹമാണ്, ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ നടത്തിയ തിരച്ചിലിൽ കണ്ടെത്തിയത്. ക്വാറിയിൽ പാറ പൊട്ടിക്കുന്ന യന്ത്രം മറിഞ്ഞതിനെ തുടർന്നാണ് അപകടം ഉണ്ടായത്.

---

## മാനന്തവാടി

RNU TVPM

മാനന്തവാടി നഗരത്തിൽ വാഹനങ്ങളുടെ വൺവേ സമയം രാവിലെ എട്ട് മുതൽ രാത്രി 9 വരെയായി ദീർഘിപ്പിച്ചു. നഗരസഭ ചെയർമാൻറെ അധ്യക്ഷതയിൽ ചേർന്ന ഗതാഗത ക്രമീകരണ സമിതി യോഗത്തിലാണ് തീരുമാനം. ഈ മാസം പത്ത് മുതൽ സമയ ക്രമീകരണം പ്രബല്യത്തിൽ വരും.

---

## 'അൻപ് വീട്" പദ്ധതി

ഭിന്നശേഷി വ്യക്തികൾക്ക് താത്കാലിക താമസവും പരിചരണവും ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന 'അൻപ് വീട്" പദ്ധതിയുടെ താൽപര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 15 വരെ ദീർഘിപ്പിച്ചു. അർഹരായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും രേഖകൾ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അപേക്ഷ സമർപ്പിക്കാം.

---

## തദ്ദേശ ഉപതിരഞ്ഞെടുപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിൻറെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരിയുടെ അധ്യക്ഷതയിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നു.

RNU TVPM